**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5285** **05-07-2024 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേര സംഭരണം നാഫെഡ് വഴിയും കേരഫെഡ് വഴിയും നിലവിൽ നടക്കുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി കേരഫെഡാണ്. കേരഫെഡ് നേരിട്ടും സംഘങ്ങൾ / എഫ് .പി .ഒ കൾ / മറ്റ് ഏജൻസികൾ മുഖേനെയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) മുഖേനെയും പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി (PSS ) പ്രകാരം കൊപ്ര സംഭരണത്തിനുള്ള കേന്ദ്ര നോഡൽ ഏജൻസി നാഫെഡാണ്. കൊപ്ര സംഭരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല ഏജൻസികളായി മാർക്കറ്റ് ഫെഡിനെയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനേയും (VFPCK) സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നാളികേരത്തിന്റെ മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തുടനീളം വിവിധ FPOകൾ, ( Farmer Producers Organisations), FPCകൾ( Farmer Producers Company), FIGകൾ ( Farmer interest Group) MSME യൂണിറ്റുകൾ, കൃഷിക്കൂട്ടങ്ങൾ, സർവീസ് സഹകരണ സംഘങ്ങൾ, എന്നിവ കൂടാതെ മറ്റ് ഏജൻസികളും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. നാളികേരം ഉൾപ്പടെയുള്ള വിളകളുടെ മൂല്യവർദ്ധനവിൽ ഊന്നിക്കൊണ്ടുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വരുമാനം ഉറപ്പു വരുത്തുന്നതിനുമായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിനു (SFAC) കീഴിൽ വിവിധ FPOകൾ, FPCകൾ, FIGകൾ, MSME യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ SFACകേരളയ്ക്കു കീഴിൽ ആനുകൂല്യം ലഭിച്ച 18 MSME യൂണിറ്റുകളും നാളികേരത്തിൽ നിന്നുള്ള വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, തേങ്ങാച്ചമ്മന്തിപ്പൊടി, ഡെസ്സിക്കേറ്റഡ് കോക്കനട്ട് പൗഡർ, ഇളനീർ ജ്യൂസ്, ഫ്രഷ് കോക്കനട്ട്, ശീതീകരിച്ച വറ്റൽ തേങ്ങ, ശീതീകരിച്ച അരിഞ്ഞ തേങ്ങ എന്നിങ്ങനെ തേങ്ങയിൽ നിന്നുള്ള വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (സി) | പ്രതിസന്ധിയിലായ പ്രൊഡ്യൂസർ കമ്പനികളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | നാളികേര ഉൽപ്പാദക കമ്പനികളുടെ പലിശ ഭാരം കുറയ്ക്കുന്നതിനും ലാഭകരമായി കമ്പനികളെ ബിസിനസ്സിലേക്ക് തിരികെ കൊണ്ട് വരുന്നതിനും ധനസഹായം നൽകുന്നതിനുള്ള നടപടി പരിശോധിച്ചു വരുന്നു. 24.01.2024-ലെ സ.ഉ(സാധാ) നം.72/2024/കൃഷി തീയതി പ്രകാരം രൂപീകൃതമായ മൂല്യനിർണ്ണയ സമിതി യോഗങ്ങൾ ചേർന്ന് നാളികേര ഉൽപ്പാദക കമ്പനികളുടെ പ്രവർത്തന നിലവാരം വിലയിരുത്തി അർഹമായ നാളികേര ഉൽപ്പാദക കമ്പനികൾക്ക് അർഹമായ തുക ശുപാർശ ചെയ്ത് കാർഷികോൽപ്പാദന കമ്മീഷണർ അദ്ധ്യക്ഷനായുള്ള സമിതിയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ